(ഇ) ഇപ്രകാരം ഒരു പഠനം നടത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) തൽക്കാലം പരിഗണനയിലില്ല.

പെരിയാർ ടൈഗർ റിസർവ്വിൽ മലിനജലം കുടിച്ച് ആനകൾ മരണമടയുന്ന സംഭവം

79 (2792) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എ.കെ. മണി :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിയാർ ടൈഗർ റിസർവ്വിൽ മലിനജലം കുടിച്ച് ആനകൾ മരണമടയുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ആനകൾ ഇങ്ങനെ മരണമടഞ്ഞിട്ടുണ്ട് ;

(സി) പെരിയാർ ടൈഗർ റിസർവ്വിലെ വെള്ളത്തിൽ എന്തുതരം വിഷാംശമാണ് കലർന്നതെന്ന് പരിശോധിക്കുകയുണ്ടായോ ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു പിടിയാന ചരിഞ്ഞിട്ടുണ്ട്.

(സി) ശബരിമല സീസണിൽ കേരള പൊല്യൂഷൻ കൺട്രോൾ ബോർഡാണ് നോർത്ത് ശബരിമലയിൽ വെള്ളത്തിന്റെ ക്വാളിറ്റി പരിശോധന നടത്തുന്നത്. ഇതിനെക്കുറിച്ച് അവരുടെ റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി. പ്രവർത്തനം ലാഭകരമാക്കാൻ നടപടി

80 (2793) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഇപ്പോൾ നഷ്ടത്തിലാണോ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നഷ്ടമെത്രയായിരുന്നു ;

(സി) കെ.എസ്.ആർ.ടി.സി. ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ പരിപാടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) 1998-99 സാമ്പത്തിക വർഷത്തിലെ കണക്കുകൾ പ്രകാരം കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം 72.35 കോടി രൂപയാണ്. 31-03-1996 വരെയുള്ള കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി. യുടെ സഞ്ചിത നഷ്ടം 293.74 കോടി രൂപയായിരുന്നു.

(സി)1. വരുമാനച്ചോർച്ച തടയുന്നതിനും വരുമാന വർദ്ധനവിനുമായി ഇൻസ്പെക്ഷൻ സംവിധാനം ശക്തിപ്പെടുത്തി.

2. സ്പെയർ പാർട്സുകളുടെ അഭാവത്തിൽ ഓടാതെ കിടക്കുന്ന ബസ്സുകൾ ഗതാഗതയോഗ്യമാക്കി കാര്യക്ഷമത വർദ്ധിപ്പിച്ചു.

3. ബസ്-ക്രൂ ഗാരേജ് നടപ്പിലാക്കിയതുമൂലം ജീവനക്കാർക്ക് ബസ്സുമായി ആത്മബന്ധമുണ്ടാവുകയും തദ്വാര പ്രവർത്തന ചെലവ് കുറയ്ക്കുവാനും വരുമാനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞു.

4. ഗുണനിലവാരം കുറഞ്ഞ സ്പെയർ പാർട്സുകൾ ഒഴിവാക്കിയതുമൂലം പ്രവർത്തന ചെലവ് കുറയ്ക്കുവാനും ബസ്സുകളുടെ ലഭ്യത ഉറപ്പുവരുത്തി കാര്യക്ഷമത വർദ്ധിപ്പിക്കുവാനും കഴിഞ്ഞു.

5. ജീവനക്കാരുടെയും യാത്രക്കാരുടെയും ആവലാതികൾ പരിഹരിക്കുവാനായി 'അദാലത്തുകൾ' സംഘടിപ്പിക്കുകയും അതുവഴി സംതൃപ്തമായ ജീവനക്കാരെയും യാത്രക്കാരെയും സൃഷ്ടിച്ചത് വരുമാന വർദ്ധനവിന് കാരണമാകുന്നുണ്ട്.

6. ജീവനക്കാർക്ക് പ്രചോദനം നല്കുവാനായി ഇൻസെന്റീവ് പദ്ധതിനവീകരിച്ചതുമൂലം വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

7. നഷ്ടത്തിലോടുന്ന സർവ്വീസുകൾ സമയബന്ധിതമായി പുനരവലോകനം നടത്തിയും വരുമാനമുള്ള റൂട്ടുകളിൽ കൂടുതൽ സർവ്വീസുകൾ നടത്തിയും കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു.

8. യൂണിറ്റുതല ഭരണം ജില്ലാ മാനേജർമാരെ നിയോഗിച്ച് മെച്ചപ്പെടുത്തി.

9. ട്രാൻസ്പോർട്ട് ടൈംസ് എന്ന ദ്വൈമാസിക പ്രസിദ്ധീകരണത്തിലൂടെ ജീവനക്കാരുമായി നേരിട്ട് സംവാദം നടത്തുന്നതുമൂലം മെച്ചപ്പെട്ട തൊഴിലന്തരീക്ഷം സൃഷ്ടിക്കുവാനും പ്രവർത്തനക്ഷമത കൈവരിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

10. പ്രവർത്തന ചെലവ് കുറയ്ക്കുവാനായി പ്രായാധിക്യം ചെന്ന ബസ്സുകളെ നീക്കം ചെയ്ത് തൽസ്ഥാനത്ത് പുതിയ ബസ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly

നിരത്തിലിറക്കുന്നതിനും കൂടുതൽ പുതിയ സർവ്വീസുകൾ തുടങ്ങുന്നതിനുമായി 'ഹഡ്കോ' തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുംവായ്പ ലഭ്യമാക്കി ബഹുമുഖ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

11. യൂണിറ്റു തലത്തിലും കേന്ദ്രതലത്തിലും കമ്മിറ്റികൾ രൂപീകരിച്ച് കോർപ്പറേഷന്റെ ദൈനംദിനമുള്ള പ്രവർത്തനം അവലോകനം ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് ചുരുക്കുന്നതിനുമുള്ള സമയബന്ധിത നടപടികൾക്ക് രൂപം കൊടുത്തിട്ടുണ്ട്.

കുറഞ്ഞപലിശയ്ക്ക് വായ്പ എടുത്ത് ബസ്സുകൾ വാങ്ങുന്ന നടപടി

81 (2794) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാങ്ങുന്നതിന് തീരുമാനം എടുത്തിരുന്നോ ;

(ബി) എന്തെല്ലാം വ്യവസ്ഥകളോടെയാണ് ജില്ലാ ബാങ്കുകളുമായി കരാർ ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) കരാർ വ്യവസ്ഥ അനുസരിച്ച് എത്ര ശതമാനം പലിശയാണ് നൽകേണ്ടത് ;

(ഡി) ശ്രീ. പി. ആർ. കുറുപ്പ് ഗതാഗത മന്ത്രിയായിരുന്ന സമയത്ത് കേന്ദ്ര ഗവൺമെന്റ് വഴി ലോകബാങ്കിൽ നിന്നും 250 കോടി രൂപ 2% പലിശയ്ക്ക് ലഭിക്കുന്ന ഒരു നിർദ്ദേശം ഉണ്ടായിരുന്നോ ; ഉണ്ടെങ്കിൽ ടി നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) ഹഡ്കോയിൽ നിന്നും വായ്പ വാങ്ങി ബസ്സുകൾ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഹഡ്കോയിൽ നിന്നും ലഭിക്കുന്ന വായ്പ തുകയ്ക്ക് എത്ര ശതമാനം പലിശയാണ് നൽകേണ്ടതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ജില്ലാ ബാങ്കുകളിൽ നിന്നും വായ്പ എടുത്തു ബസ്സുകൾ വാങ്ങുവാൻ കെ.എസ്.ആർ.ടി.സി. തീരുമാനം എടുത്തിട്ടുണ്ട്.

(ബി) ജില്ലാ ബാങ്കുകളുമായി ഉണ്ടാക്കിയിട്ടുള്ള പ്രധാന കരാർ വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

1. 13% പലിശ നിരക്കിലാണ് വായ്പ അനുവദിക്കുന്നത്.
2. 35 മാസംകൊണ്ട് വായ്പ തുക പലിശയുൾപ്പെടെ തിരിച്ചടയ്ക്കണം.
3. അതാത് ജില്ലകളിൽപ്പെടുന്ന ട്രാൻസ്പോർട്ട് ഡിപ്പോകളിൽ നിന്നാണ് ഈ വായ്പ തുക ഉപയോഗിച്ചു വാങ്ങുന്ന വണ്ടികൾ സർവ്വീസ് നടത്തേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly